REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-10-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയിലെ തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഫലപ്രദമായ ചർച്ചയിലൂടെ പരിഹരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.**
- **മണ്ഡല-മകരവിളക്ക് ഉത്സവകാലത്ത് ശബരിമലയിൽ പുതിയ സൗകര്യങ്ങൾ ഒരുക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഇന്ത്യ - ന്യൂസിലാന്റ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് രാവിലെ പൂനെയിൽ ആരംഭിക്കും.**
- **ഇന്ത്യ - ന്യൂസിലാന്റ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയക്ക് അഹമ്മദാബാദിൽ ഉച്ചക്ക് തുടക്കമാകും.**

## വാർത്തകൾ വിശദമായി

ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയിലെ തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഫലപ്രദമായ ചർച്ചയിലൂടെ പരിഹരിച്ചു സമാധാനം കൊണ്ടുവരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കസാനിൽ പതിനാറാമത് ബ്രിക്സ് ഉച്ചകോടിക്കിടെ ചൈനീസ് പ്രസിഡണ്ട് ഷി ജിൻ പിങ്ങുമായി ഉഭയക്ഷി ചർച്ച നടത്തുകയായിരുന്നു പ്രധാനമന്ത്രി.

ന്യൂസ് ഡെസകിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....വോയ്സ്....

അതിർത്തി പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സമാധാനം ഉറപ്പുവരുത്തുന്നതിനും പ്രത്യേക പ്രതിനിധികൾ മുൻകൂട്ടി യോഗം ചേരുന്നതിന് കൂടിക്കാഴ്ചയിൽ ഇരു നേതാക്കളും സമ്മതിച്ചു. രണ്ടു രാജ്യങ്ങളും തമ്മിലെ സൗഹാർദ്ദപരമായ ഉഭയകക്ഷി ബന്ധങ്ങൾ പ്രാദേശികവും ആഗോളവുമായ സമാധാനത്തിലും സമൃദ്ധിയിലും നല്ല സ്വാധീനം ചെലുത്തുമെന്ന് നരേന്ദ്രമോദിയും ഷി ജിൻ പിങ്ങും വ്യക്തമാക്കി.

2020 ൽ ഉടലെടുത്ത അതിർത്തി പ്രശ്നങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും പരിഹരിക്കുന്നതിനും പരസ്പര വിശ്വാസം വർധിപ്പിക്കുന്നതിനും സമാധാനം നിലനിർത്തുന്നതിനും മുൻഗണന നൽകണമെന്ന് നരേന്ദ്ര മോദി പറഞ്ഞു.ഇതിന് പരസ്പര വിശ്വാസവും ബഹുമാനവും സംവേദനക്ഷമതയും അടിസ്ഥാനമായി തുടരണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. ഇക്കാര്യത്തിൽ ഇന്ത്യയും ചൈനയും തുറന്ന ഹൃദയത്തോടെ ചർച്ച തുടരുമെന്നും നരേന്ദ്രമോദി കൂടിക്കാഴ്ചയിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ഇരുപക്ഷത്തിനും കൂടുതൽ ആശയവിനിമയവും സഹകരണവും ഉണ്ടാകണമെന്നും അഭിപ്രായഭിന്നതകളും വിയോജിപ്പുകളും ശരിയായി കൈകാര്യം ചെയ്യണമെന്നും ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംഗ് പറഞ്ഞു.രണ്ടു രാജ്യങ്ങളുടെയും വികസന അഭിലാഷങ്ങൾ സുഗമമാക്കൻ ഇത് അത്യാവശ്യമാണെന്നും ഷി ജിൻ പിംഗ് വ്യക്തമാക്കി.

✪✪✪

ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ രാത്രി ഡൽഹിയിൽ തിരിച്ചെത്തി. ഉച്ചകോടിക്കിടെ ചൈനിസ് പ്രസിഡന്റ് ഷി ജിൻ പിംഗ്, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ, പുതുതായി സ്ഥാനമേറ്റ ഇറാനിയൻ പ്രസിഡന്റ് മസൂദ് പെസഷ്കിയാൻ തുടങ്ങിയവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തി. ഉസ്ബക് പ്രസിഡന്റ്, UAE പ്രസിഡന്റ് തുടങ്ങിയവരുമായും അദ്ദേഹം ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

✪✪✪

വയനാട്ടിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിച്ചു. UDF സ്ഥാനാർഥിക്ക് പിറകെ മണ്ഡലത്തിലെ LDF, NDA സ്ഥാനാർത്ഥികൾ ഇന്ന് പത്രിക സമർപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്

....വോയസ്....

രാവിലെ ഇടതുമുന്നണി പ്രവർത്തകരുടെ  പ്രകടനത്തിനു ശേഷമായിരിക്കും CPI നേതാവ് സത്യൻ മൊകേരി കലക്ട്രേറ്റിലെത്തി പത്രിക നൽകുന്നത്. തുടർന്ന് കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിലെ LDF മണ്ഡലം കൺവെൻഷനിലും അദ്ദേഹം പങ്കെടുക്കും.

NDA സ്ഥാനാർഥി BJP യിലെ നവ്യ ഹരിദാസ് ഉച്ചക്ക് മുമ്പ് പത്രിക നൽകും. മുതിർന്ന നേതാവ് കുമ്മനം രാജശേഖരൻ, സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ്, ജില്ലാ ഭാരവാഹികൾ തുടങ്ങിയവർ സ്ഥാനാർത്ഥിക്കൊപ്പമെത്തും. തുടർന്ന് കേണിച്ചിറ പൂതാടി പ്രദേശങ്ങളിൽ അവർ പര്യാടനം നടത്തും.

UDF ലെ കോൺഗ്രസ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി ഇന്നലെ പത്രിക സമർപ്പിച്ചിരുന്നു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവർ ഇന്നലെ വയനാട്ടിൽ പ്രചാരണയോഗത്തിൽ പങ്കെടുത്തു.

വയനാട്ടിൽ ലോകസഭാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നാളെ ഉച്ചക്ക് മുമ്പായി കോഴിക്കോട് ജില്ലയിലെ  ജീവനക്കാരുടെ വിശദാംശങ്ങൾ ഓർഡർ സോഫ്റ്റ് വെയറിൽ നൽകണമെന്ന്  ഗവൺമെന്റ്, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശസാൽകൃത ബാങ്കുകൾക്കും മറ്റ് അംഗീകൃത സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കാണ് വിശദാംശങ്ങൾ നൽകേണ്ടത്.

✪✪✪

ശക്തമായ ത്രികോണ മത്സരത്തിന് കളമൊരുങ്ങി  പാലക്കാട് നിയമസഭ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിക്കുന്നു. ഇതുവരെ മണ്ഡലത്തിൽ  നാല് പേർ നാമ നിർദ്ദേശ പത്രിക നൽകി.

വിശദാംശങ്ങളുമായി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്.

.....വോയ്സ്....

എൻ.ഡി.എ.സ്ഥാനാർഥി ബി.ജെ.പി യിലെ സി.കൃഷ്ണകുമാറാണ് ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചത്.യു.ഡി.എഫ്.സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലും എൽ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർഥി ഡോ.പി.സാറിനും ഇന്ന് രാവിലെ പത്രിക സമർപ്പിക്കും.അതേ സമയം യു.ഡി.എഫിന് പിന്തുണ പ്രഖ്യാപിച്ച് പി.വി.അൻവർ എം.എൽ.എ യുടെ പാർട്ടി ഡി.എം.കെ മണ്ഡലത്തിൽ നിന്നുള്ള സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതായി പ്രഖ്യാപിച്ചു. ഇന്നലെ നടന്ന പാർട്ടിയുടെ രാഷ്ട്രീയ വിശദീകരണ യോഗത്തിലായിരുന്നു പ്രഖ്യാപനം.മുന്നണികളുടെ മത്സരം മുറുകുന്നതോടെ വരും ദിവസങ്ങളിൽ പാർട്ടികളിലെ മുതിർന്ന നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിനെത്തും.

✪✪✪

ചേലക്കര ഉപതെരഞ്ഞെടുപ്പിൽ മൂന്ന് മുന്നണികുളുടേയും സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രിക സമർപ്പിച്ചു.

ഇതോടെ പ്രചാരണം ഊർജ്ജിതമായി. തൃശൂർ പ്രതിനിധി ഭരിതാ പ്രതാപിന്റെ റിപ്പോർട്ട്

....വോയ്സ്....

യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസ്, എൽഡിഎഫ് സ്ഥാനാർഥി യു ആർ പ്രദീപ്, ബിജെപി സ്ഥാനാർഥി കെ ബാലകൃഷ്ണൻ എന്നിവരാണ് ഇന്നലെ ഉച്ചയോടെ നാമ നിർദേശപത്രിക സമർപ്പിച്ചത്.

അതിശക്തമായ ഒരു പ്രചാരണ രീതിയിലേക്ക് ചേലക്കര മാറുകയാണ് PV അൻവർ MLA പ്രഖ്യാപിച്ച DMK, സ്ഥാനാർഥി K സുധീറും നാമനിർദേശപത്രിക സമർപ്പിക്കും.

രാവിലെ LDF സ്ഥാനാർഥി UR പ്രദീപ് വരണാധികാരി കിഷോർ ടി.പിക്ക് മുൻപാകെ പത്രിക സമർപ്പിച്ചു. ജില്ലാ നേതാക്കൾക്കൊപ്പം എത്തിച്ചേർന്നാണ് എൻഡിഎ സ്ഥാനാർഥി K ബാലകൃഷ്ണൻ നാമനിർദ്ദേശ പത്രിക സമർപ്പിച്ചത്..

മുതിർന്ന നേതാക്കൾക്കൊപ്പം പ്രകടനവുമായെത്തിയാണ് എത്തിയാണ് യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസ് നാമനിർദ്ദേശപത്രിക സമർപ്പിച്ചത് .

ചേലക്കര നിയമസഭാ മണ്ഡലം രൂപീകരിച്ചിട്ട് അടുത്ത വർഷം 60 വർഷം പൂർത്തിയാകുകയാണ്. ഈ കാലഘട്ടത്തിലെ ആദ്യ ഉപതിരഞ്ഞെടുപ്പിനാണു കളമൊരുങ്ങുന്നത്.

✪✪✪

കണ്ണൂർ ADM കെ നവീൻബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ A ഗീത നടത്തുന്ന വകുപ്പ് തല അന്വേഷണ റിപ്പോർട്ട്, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിന് ഇന്ന് സമർപ്പിച്ചേക്കും.റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തു പ്രസിഡന്റായിരുന്ന PP ദിവ്യയോട് മൊഴി നൽകാൻ ഹാജരാകണമെന്ന് ആവശ്യപ്പെട്ടെങ്കിലും അവർ ഹാജരായില്ല.

✪✪✪

കണ്ണൂർ ADM നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് PP ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി ജില്ലാ കോടതി ഇന്ന് വാദം കേൾക്കും.

തിങ്കളാഴ്ചയാണ് ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി ഫയലിൽ സ്വീകരിച്ചത്.

ജാമ്യാപേക്ഷയെ എതിർത്ത് നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ കോടതിയെ സമീപിച്ചിട്ടുണ്ട്.

ADM ന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ഗവൺമെൻറ് മെഡിക്കൽ കോളേജിലെ ജീവനക്കാരൻ PV പ്രശാന്തിൽ നിന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ ഖോബ്രഗഡെ മൊഴി രേഖപ്പെടുത്തി. പെട്രോൾ പമ്പിന്റെ അപേക്ഷകനാണ് PV പ്രശാന്ത്.

✪✪✪

റവന്യു മന്ത്രിയും കണ്ണൂർ ജില്ലാ കലക്ടറും തമ്മിൽ സ്വരച്ചേർച്ചയില്ലെന്ന തരത്തിൽ വന്ന ചാനൽ വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു. കണ്ണൂരിൽ നടത്തേണ്ടിയിരുന്ന ഏതാനും പരിപാടികളിൽ നിന്ന്  വിട്ടു നിൽക്കാൻ മന്ത്രി തീരുമാനിച്ചുവെന്ന വാർത്തകൾ തെറ്റാണ്. കണ്ണൂരിലെ ചില പരിപാടികൾ മാറ്റിവെക്കാൻ ADM മരിച്ച ദിവസം തന്നെ മന്ത്രി നിർദ്ദേശം നൽകിയിരുന്നുവെന്ന് ഓഫീസ് അറിയിച്ചു.

✪✪✪

മണ്ഡല - മകരവിളക്ക് ഉത്സവകാലത്ത് ശബരിമലയിൽ പുതിയ സൗകര്യങ്ങൾ ഒരുക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. സന്നിധാനത്ത് കൂടുതൽ ഗസ്റ്റ് ഹൗസുകൾ നിർമ്മിച്ചുവരികയാണെന്നും നിലക്കലിൽ രണ്ടായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യമൊരുക്കിയതായും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് അങ്കണത്തിൽ ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷവും സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങളും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ദേവസ്വം ബോർഡിന്റെ സമ്പൂർണ ഡിജിറ്റൈസേഷൻ പ്രഖ്യാപനവും അദ്ദേഹം നിർവഹിച്ചു.

✪✪✪

വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സഹകരണ മേഖലയിലെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്ക് ആഭ്യന്തര- വിദേശ വിപണികൾ കണ്ടെത്തുമെന്ന് മന്ത്രി VN വാസവൻ തിരുവനന്തപുരത്ത് അറിയിച്ചു. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമുകളിൽ ലഭ്യമാക്കുന്ന പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇടുക്കിയിലെ അപ്പർചെങ്കുളം ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ഉച്ച കഴിഞ്ഞ് മന്ത്രി K കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. രാവിലെ നെടുങ്കണ്ടത്ത് പുതുതായി നിർമ്മിച്ച മിനി വൈദ്യതിഭവനും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ - ന്യൂസിലാന്റ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് രാവിലെ പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ആരംഭിക്കും. രാവിലെ ഒമ്പതരക്കാണ് മത്സരം തുടങ്ങുന്നത്. മൂന്ന് മത്സര പരമ്പരയിൽ ആദ്യ മത്സരം ജയിച്ച് ന്യൂസിലാന്റ് മുന്നിട്ട് നിൽക്കുകയാണ്. ഓൾറൗണ്ടർ വാഷിംഗ്ടൻ സുന്ദറിനെ രണ്ട് മൂന്നും മത്സരങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഇന്ത്യ - ന്യൂസിലാൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് അഹമ്മദാബാദിൽ ഇന്ന് തുടക്കമാവും.ഉച്ചയ്ക്ക് ഒന്നരയ്ക്ക് നരേന്ദ്രമോദി ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം . മൂന്ന് മത്സരപരമ്പരയിലെ എല്ലാ കളിയും അഹമ്മദാബാദിലാണ്.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കായിക മേളയിൽ 275 പോയന്റോടെ മുക്കം ഉപജില്ല ചാമ്പ്യൻമാരായി. 213 പോയന്റ് നേടിയ പേരാമ്പ്ര ഉപജില്ലയാണ് രണ്ടാം സ്ഥാനത്ത്. ബാലുശ്ശേരി ഉപജില്ല മൂന്നാം സ്ഥാനം നേടി. മികച്ച സ്കൂൾ വിഭാഗത്തിൽ പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി ഒന്നാം സ്ഥാനവും കുളത്തു വയൽ St ജോർജ്ജ് ഹയർസെക്കൻഡറി രണ്ടാം സ്ഥാനവും നേടി.

✪✪✪

പാലക്കാട് ജില്ലാ സ്കൂൾ കായികമേള ഇന്ന് സമാപിക്കും. മൂന്നാം ദിവസമത്സരങ്ങൾ പൂർത്തിയായപ്പോൾ 236 പോയിന്റുമായി പറളി ഉപജില്ലയാണ് ഒന്നാം സ്ഥാനത്ത്. മികച്ച സ്കൂൾ പട്ടികയിലും പറളി ഹൈസ്കൂൾ തന്നെയാണ് മുന്നിൽ. കൊല്ലങ്കോട്, പാലക്കാട് ഉപജില്ലകളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

✪✪✪

ഇന്ന് ലോക പോളിയോ ദിനം. പോളിയോ രോഗത്തിൽ നിന്നും ഓരോ കുട്ടിയേയും സംരക്ഷിക്കുന്നതിനും കുത്തിവെ പ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും ഈ ദിനം പ്രാധാന്യം നൽകുന്നു. പോളിയോ നിർമാർജ്ജനം സാധ്യമാക്കുന്ന പ്രൊഫെഷനലുകളെയും സന്നദ്ധ

പ്രവർത്തകരെയും ആദരിക്കുന്നതിനും കൂടിയാണ് എല്ലാവർഷവും ഒക്ടോബർ 24 പോളിയോ ദിനമായി ആചരിക്കുന്നത്.

✪✪✪

കണ്ണൂർ ജില്ലാ ശാസ്ത്രോത്സവം ഇന്നും നാളെയും നഗരത്തിലെ നാല് സ്കൂളുകളിലായി നടക്കും. 15 ഉപജില്ലകളിൽ നിന്നായി 4000 ത്തോളം വിദ്യാർത്ഥികൾ മേളയിൽ പങ്കെടുക്കും.

രാവിലെ സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ശാസ്ത്രമേള ഉദ്ഘാട നം ചെയ്യും.

✪✪✪

ഉത്തരകേരളത്തിലെ പ്രമുഖ ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്ന കണ്ണൂർ കൊളച്ചേരി കരുമാരത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിപ്പാട് നിര്യാതനായി. 89 വയസ്സായിരുന്നു. സംസ്ക്കാരം രാവിലെ ഇല്ലപ്പറമ്പിൽ നടത്തും.

✪✪✪

ഇടുക്കി വണ്ണപ്പുറത്ത് മലവെള്ളപ്പാച്ചിലിൽ അകപ്പെട്ട് വീട്ടമ്മ മരിച്ചു. കൂവപ്പുറം തേവരുകുന്നേൽ ഓമനയെന്ന 65 കാരിയാണ് ഒഴുക്കിൽ പെട്ട് മരിച്ചത്. ഒപ്പമുണ്ടായിരുന്ന ഭർത്താവ് പരിക്കുകളോടെ രക്ഷപ്പെട്ടു.

✪✪✪

തിരുവനന്തപുരം ജില്ലയിൽ ഇന്നലെ രാത്രി ശക്തമായ മഴയിൽ പലയിടങ്ങളിലും കൃഷി നാശവും ഗതാഗത തടസ്സവും ഉണ്ടായി.

വാമനപുരം നദിയിലെ ജലനിരപ്പ് ഉയർന്നു. കാട്ടാക്കടയിൽ കശുവണ്ടി ഫാക്ടറിയുടെ മതിൽ ഇടിഞ്ഞ് സമീപത്തെ വീട് തകർന്നു.

✪✪✪